"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സ്ഥലംമാറ്റിയതിനെതിരെ ഇടുക്കി ജില്ലയിലെ വാത്തിക്കുടി ഗ്രാമ പഞ്ചായത്തിലെ ഹെഡ് ക്ലർക്കായ ശ്രീ. ബിനു എ. കോശി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 1772/2025-ന്മേലുള്ള ബഹു. ട്രിബ്യൂണലിന്റെ 12.11.2025-ലെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2941/2025/LSGD തീയതി,തിരുവനന്തപുരം, 11-12-2025

---

പരാമർശം:-

1. 10.01.2025-ലെ ഇപിബി2/98/2024-തസ്വഭവ നമ്പർ സർക്കാർ കത്ത്.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.07.2025-ലെ LSGD/PD/19915/2025-DEB3 നമ്പർ ഉത്തരവ്.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27.09.2025-ലെ LSGD/PD/29966/2025-DEB3 നമ്പർ ഉത്തരവ്.
4 ശ്രീ. ബിനു എം. കോശിയുടെ 10.10.2025-ലെ അപേക്ഷ.
5 OA 1772/2025-ന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 12.11.2025-ലെ ഉത്തരവ്
6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 29.11.2025, 06.12.2025 എന്നീ തീയതികളിലെ LSGD/PD/34441/2025-DEB3 നമ്പർ കത്തുകൾ.

**ഉത്തരവ്**

പരാമർശം (2) ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിലെ പെരുവന്താനം ഗ്രാമ പഞ്ചായത്തിൽ നിന്നും വാത്തിക്കുടി ഗ്രാമ പഞ്ചായത്തിലേയ്ക്ക് സ്ഥലം മാറ്റിയതിനെതിരെ ഹെഡ് ക്ലർക്കായ ശ്രീ. ബിനു എം. കോശി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA 1772/2025 നമ്പരായി കേസ് ഫയൽ ചെയ്തിരുന്നു. ആയതിന്മേലുള്ള ബഹു. ട്രിബ്യൂണലിന്റെ പരാമർശം (5) ഉത്തരവിൽ, സ്ഥലംമാറ്റം സംബന്ധിച്ചുള്ള ശ്രീ. ബിനു എം. കോശിയുടെ പരാമശം (4) അപ്പീൽ (Annexure-A16), മേൽ ഉത്തരവ് കൈപ്പറ്റിയ തീയതി മുതൽ രണ്ടാഴ്ചയ്ക്കുള്ളിൽ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നും അതുവരെ അഴുത ബ്ലോക്ക് പഞ്ചായത്തിലെ ഹെഡ് ക്ലർക്കിന്റെ ഒഴിവ് നികത്താൻ പാടില്ലെന്നും ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിക്കുകയുണ്ടായി.

2. ഇടുക്കി ജില്ലയിലെ പെരുവന്താനം ഗ്രാമ പഞ്ചായത്തിൽ മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഗുരുതരമായ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി MGNREGA ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദികളായ പ്രസ്തുത പഞ്ചായത്തിലെ

ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ടി ജീവനക്കാരിൽ ആരെങ്കിലും നിലവിൽ പെരുവന്താനം പഞ്ചായത്തിൽ സേവനത്തിൽ തുടരുന്നുണ്ടെങ്കിൽ അവരെ അടിയന്തരമായി സ്ഥലംമാറ്റുന്നിനും പരാമർശം (1) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ആരോപണ വിധേയരുടെ പട്ടികയിലുള്ള ഹെഡ് ക്ലർക്ക് ശ്രീ. ബിനു എം. കോശി, മേൽ സർക്കാർ നിർദ്ദേശം നൽകുന്ന അവസരത്തിൽ പീരുമേട് ഗ്രാമ പഞ്ചായത്തിലാണ് സേവനമനുഷ്ഠിച്ചിരുന്നത്. എന്നാൽ പെരുവന്താനം ഗ്രാമ പഞ്ചായത്തിൽ തനിക്ക് നിയമനം നൽകരുതെന്ന സർക്കാർ നിർദ്ദേശം അറിയാതെ ടിയാൻ പൊതസ്ഥലംമാറ്റത്തിന് അപേക്ഷിച്ചപ്പോൾ പെരുവന്താനം ഗ്രാമ പഞ്ചായത്ത് ഓപ്റ്റ് ചെയ്യുകയും പരാമർശം (2) പ്രകാരം ടിയാൾക്ക് പെരുവാന്താനം ഗ്രാമ പഞ്ചായത്തിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുകയും ചെയ്തിരുന്നു.

3. എന്നാൽ, പെരുവന്താനം ഗ്രാമ പഞ്ചായത്തിലെ മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ക്രമക്കേടുകളുമായി ബന്ധപ്പെട്ട ആരോപണ വിധേയനായ ഉദ്യോഗസ്ഥനാണ് ശ്രീ. ബിനു എം. കോശി എന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം ടിയാനെ വാത്തിക്കുടി ഗ്രാമ പഞ്ചായത്തിലേയ്ക്ക് സ്ഥലംമാറ്റുകയാണുണ്ടായി.

4. പരാമർശം (1) പ്രകാരമുള്ള സർക്കാർ നിർദ്ദേശം അറിയാതെയാണ് പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് താൻ പെരുവന്താനം ഗ്രാമ പഞ്ചായത്ത് ഓപ്റ്റ് ചെയ്തിരുന്നതെന്നും തന്റെ താമസസ്ഥലത്തു നിന്നും 100 കിലോമീറ്റർ അകലെയുള്ള വാത്തിക്കുടി ഗ്രാമ പഞ്ചായത്തിലേയ്ക്ക് സ്ഥലംമാറ്റിയതുമൂലം 65% ശാരീരിക വൈകല്യമുള്ള പരസഹായം കൂടാതെ പ്രാഥമിക കാര്യങ്ങൾ പോലും ചെയ്യാൻ കഴിയാത്ത തനിക്ക് ഇത്രയും ദൂരം യാത്ര ചെയ്ത് ജോലിക്ക് പോകാൻ കഴിയാത്ത സാഹചര്യമാണെന്നും ആയതിനാൽ പെരുവന്താനം ഗ്രാമ പഞ്ചായത്തിൽ നിലനിർത്തുകയോ സ്ഥലംമാറ്റം അനിവാര്യമാണെങ്കിൽ അഴുത ബ്ലോക്ക് പഞ്ചായത്തിലെ ഹെഡ് ക്ലർക്ക്/സീനിയർ എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുകയോ ചെയ്യണമെന്നും ശ്രീ. ബിനു എം. കോശി പരാമർശം (4) അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നു.

5. പരാമർശ വിഷയം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (6) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ, പെരുവന്താനം ഗ്രാമ പഞ്ചായത്തിലെ മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ആരോപണ വിധേയനായ ശ്രീ. ബിനു എം. കോശിക്കെതിരെ KCS (CC &A) Rules, 1960-ലെ ചട്ടം 15 പ്രകാരം 20.06.2025-ൽ കുറ്റാരോപണ മെമ്മോ നൽകി വകുപ്പുതലത്തിൽ അച്ചടക്ക നടപടി ആരംഭിച്ചിട്ടുണ്ടെന്നും കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൻ പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുള്ളതും ആരോപണ വിഷയത്തിന്മേൽ ചട്ടപ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിന് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമായിട്ടില്ലെന്നും, തദ്ദേശസ്വയംഭരണ വകുപ്പിലെ തെരഞ്ഞെടുപ്പ് നടന്നുവരുന്നതിനാൽ ഗ്രാമപഞ്ചായത്തുകളുടെ ഭരണതടസം ഒഴിവാക്കുന്നതിലേക്കായി

തിരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാകുന്നത് വരെ വകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റം ഇലക്ഷൻ കമ്മീഷൻ തടഞ്ഞിട്ടുള്ളതിനാൽ അഴുത ബ്ലോക്ക്പഞ്ചായത്തിലേയ്ക്കുള്ള അപേക്ഷകന്റെ സ്ഥലംമാറ്റം പരിഗണിക്കാൻ നിലവിലെ സാഹചര്യത്തിൽ സാധ്യമല്ല എന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി.

6. പ്രിൻസിപ്പൽ ഡയറക്ടറുടെ പരാർശം (6) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീ. ബിനു എം. കോശിക്കെതിരെ KCS (CC &A) Rules, 1960-ലെ ചട്ടം 15 പ്രകാരം തുടർന്നു വരുന്ന അച്ചടക്ക നടപടിയിൽ ഔപചാരിക അന്വേഷണം പൂർത്തിയായിട്ടില്ല എന്നതിനാൽ അന്വേഷണം നിലനിൽക്കെ ടിയാനെ പെരുവന്താനം ഗ്രാമ പഞ്ചായത്തിൽ തുടരാൻ അനുവദിക്കുന്നത് ഉചിതമല്ല എന്ന് നിരീക്ഷിച്ചും, 65% ഭിന്നശേഷിക്കാരനായ ടിയാന്റെ Annexure-A16 അപ്പീൽ പരിഗണിച്ചും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലവിലുള്ള മാതൃകാ പെരുമാറ്റ ചട്ടം പിൻവലിക്കുന്ന മുറയ്ക്ക്, ശ്രീ. ബിനു എം. കോശിയെ വാത്തിക്കുടി ഗ്രാമ പഞ്ചായത്തിൽ നിന്നും അഴുത ബ്ലോക്ക് പഞ്ചായത്തിലെ ഹെഡ് ക്ലാർക്ക്/സീനിയർ എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിലെ നിലവിലെ ഒഴിവിൽ സ്ഥലം മാറ്റി നിയമിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

7. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (5) ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീ. ബിനു എം. കോശി, ഹെഡ് ക്ലർക്ക്, വാത്തിക്കുടി ഗ്രാമ പഞ്ചായത്ത്
(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി ( ഫയൽ നം.EPB2/159/2025-LSGD)

ഉത്തരവിൻ പ്രകാരം

**Signed by Riju M Das**
**Date: 11-12-2025 13:23:26**

സെക്ഷൻ ഓഫീസർ